സെഷൻ 10

കോവിഡ് 19: പ്രതിരോധ പ്രവർത്തനങ്ങൾ

പ്രവർത്തന സഹായി

# റിവേഴ്സ് ക്വാറന്റയിൻ

എന്ത് ?

എന്തുകൊണ്ട് ??

എങ്ങനെ ???


തദ്ദേശ സ്വയംഭരണ വകുപ്പ്

KERALA INSTITUTE OF LOCAL ADMINISTRATION

05/04/2020

# റിവേഴ്സ് ക്വാറന്റയിൻ എന്നാൽ എന്ത് ?

വയോജനങ്ങൾ / ഗുരുതരമായ ആരോഗ്യ പ്രശ്നമുള്ളവരെ (വൾനറബിൾ അഥവാ ഹൈ റിസ്ക് ഗ്രൂപ്പിലുള്ള ജനങ്ങളെ) മറ്റുള്ളവരിൽ നിന്ന് വേർതിരിച്ച് പാർപ്പിക്കുന്നതിലൂടെ കോവിഡ്–19 അണുബാധ അവർക്കു ഉണ്ടാകുന്നതിൽ നിന്നും തടയുന്നതാണ് **റിവേഴ്സ്** ക്വാറന്റയിൻ




# റിവേഴ്സ് ക്വാറന്റയിൻ എന്തുകൊണ്ട് ??

- വയോജനങ്ങൾക്കു കോവിഡ് –19 അണുബാധയുണ്ടായാൽ മരണനിരക്ക് കൂടുതലാകും

- ഗുരുതരമായ ആരോഗ്യപ്രശ്നമുള്ളവർക്കും അതോടൊപ്പം കോവിഡ് –19 അണുബാധയുണ്ടായാൽ മരണനിരക്ക് കൂടും

# കോവിഡ് –19 അണുബാധയുണ്ടായാൽ മരണനിരക്ക്




Source: https://www.worldometers.info/coronavirus/coronavirus-age-sex-demographics/

കോവിഡ് –19 അണുബാധയുണ്ടായാലുള്ള

മരണ നിരക്ക് നോക്കൂ, ഇതു കൊണ്ടാണ്

ഹൈ റിസ്ക് ഗ്രൂപ്പിനെ അഥവാ വൾനറബിൾ

ആയ ആളുകളെ **മാറ്റി പാർപ്പിക്കൽ**

അനിവാര്യമാകുന്നത്

# കോവിഡ്-19 അപകട സാധ്യത കൂടിയവർ (വൾനറബിൾ അഥവാ ഹൈ റിസ്ക് ഗ്രൂപ്പ് ) ആരൊക്കെ ?

- മുതിർന്ന പൗരന്മാർ (60 വയസും അതിനു മുകളിലും ഉള്ളവർ )
- എല്ലാ പ്രായത്തിലും ഉള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ (ഉദാ: രക്തസമ്മർദം , പ്രമേഹം , ഹൃദ്രോഗം , കാൻസർ, വൃക്ക സംബന്ധമായോ കരൾ സംബന്ധമായോ അസുഖമുള്ളവർ)
- എല്ലാ പ്രായത്തിലും ഉള്ള രോഗപ്രതിരോധശേഷി കുറഞ്ഞവർ (HIV അഥവാ എയിഡ്സ് തുടങ്ങിയ അസുഖങ്ങൾ ഉള്ളവർ )
- എല്ലാ പ്രായത്തിലും ഉള്ള രോഗപ്രതിരോധശേഷി കുറക്കുന്ന മരുന്ന് ഉപയോഗിക്കുന്നവർ
- എല്ലാ പ്രായത്തിലും ഉള്ള വിട്ടുമാറാത്ത ശ്വാസകോശ സംബന്ധമായ അസുഖമുള്ളവർ
- ഗർഭിണികൾ



# റിവേഴ്സ് ക്വാറന്റയിൻ എന്ന ആശയം എന്തുകൊണ്ട് ??

അപകട സാധ്യത കൂടുതലുള്ള വിഭാഗത്തിന് കോവിഡ് –19 ബാധിച്ചാൽ ന്യൂമോണിയയോ അതുപോലുള്ള അപകടകരമായ രോഗങ്ങൾക്കു സാധ്യത കൂടും, ഇത് മരണത്തിലേക്ക് നയിക്കാം. ഇവരെ പൂർണമായി ക്വാറന്റയിൻ ചെയ്യുക വഴി രോഗബാധ ഒഴിവാക്കാം.

# റിവേഴ്സ് ക്വാറന്റയിൻ ഒരു  പ്രതിരോധ മാർഗ്ഗം

# കോവിഡ് -19 രോഗവ്യാപനം തടയാനുള്ള പൊതു നിർദ്ദേശങ്ങൾ

- ✓ വീട്ടിൽ തന്നെ തുടരുക. അനിവാര്യമല്ലെങ്കിൽ **പുറത്തു പോകരുത്.**
- ✓ വീട്ടിൽ സന്ദർശകരെ കണ്ടുമുട്ടുന്നത് ഒഴിവാക്കുക.
- ✓ മീറ്റിംഗ് അനിവാര്യമാണെങ്കിൽ, **ഒരു മീറ്റർ ദൂരം** നിലനിർത്തുക.
- ✓ **കൈ മുഷ്ടിയിലേക്കോ, ടിഷ്യു പേപ്പർ / തുവാലയിലേക്കോ തുമ്മുക, ചുമയ്ക്കുക.** അതിനു ശേഷം ടിഷ്യു പേപ്പർ നീക്കം ചെയ്യുക / നിങ്ങളുടെ തുവാല കഴുകുക.
- ✓ **സോപ്പും വെള്ളവും ഉപയോഗിച്ച്** കൃത്യമായ ഇടവേളകളിൽ **കൈയും മുഖവും കഴുകുക.**



# കോവിഡ് -19 രോഗവ്യാപനം തടയാനുള്ള പൊതു നിർദ്ദേശങ്ങൾ

- ✓ വീട്ടിൽ വേവിച്ച പഴയതല്ലാത്ത ചൂടുള്ള ഭക്ഷണം കഴിക്കുക
- ✓ പോഷകാഹാരം കഴിക്കുന്നെന്നു ഉറപ്പാക്കുക
- ✓ ധാരാളം വെള്ളം കുടിക്കുക
- ✓ പഴവർഗ്ഗങ്ങൾ ധാരാളം കഴിക്കുക, **രോഗപ്രതിരോധ ശേഷി ഉറപ്പാക്കുക**
- ✓ വ്യായാമങ്ങൾ ചെയ്യുക
- ✓ **ഡോക്ടറിന്റെ നിർദേശ പ്രകാരം അല്ലാതെ സ്വയമായി മരുന്നുകൾ കഴിക്കരുത്.**
- ✓ കഴിവതും വീടുകളിൽ തിങ്ങിപ്പാർക്കുന്നത് ഒഴിവാക്കേണ്ടതാണ്. പാർക്കുകൾ, മാർക്കറ്റുകൾ, ആരാധനാലയങ്ങൾ എന്നിവ പോലുള്ള **തിരക്കേറിയ സ്ഥലങ്ങളിലേക്ക് പോകരുത്.**

# കോവിഡ് –19 രോഗവ്യാപനം തടയാനുള്ള പൊതു നിർദ്ദേശങ്ങൾ

- ✓ പതിവ് പരിശോധനയ്ക്കായി/ ഫോളോ അപ്പിനായി ആശുപത്രിയിൽ പോകരുത്.
- ✓ നിങ്ങളുടെ ഡോക്ടറുമായി കഴിയുന്നത്ര **ടെലി കൺസൾട്ടേഷൻ നടത്തുക**. അല്ലെങ്കിൽ പ്രസ്തുത PHC ഡോക്ടറുമായി ബന്ധപെട്ടു തീരുമാനങ്ങൾ എടുക്കുക.
- ✓ റിവേഴ്സ് ക്വാറന്റയിനിൽ കഴിയുന്നവർ പ്രത്യേക ശുചിമുറി ഉപയോഗിക്കണം. അഥവാ പൊതു ശുചിമുറി ഉപയോഗിക്കണെങ്കിൽ, സോപ്പും വെള്ളവും ഉപയോഗിച്ച് ടാപ്പുകൾ, വാതിൽ പിടികൾ, പാത്രങ്ങൾ എന്നിവ ***വൃത്തിയാക്കേണ്ടത്*** ആവശ്യമാണ്.

# റിവേഴ്സ് ക്വാറന്റയിൻ : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

- ✓ ഹൈ റിസ്ക് ഗ്രൂപ്പിലുള്ള ആളുകളുടെ പട്ടിക തയ്യാറാക്കുക
  - ➢ അവരെ ബന്ധപ്പെടാനുള്ള വിവരങ്ങൾ ശേഖരിക്കുക
  - ➢ അവർക്കു വേണ്ടുന്ന സേവനങ്ങളുടെ പട്ടിക തയ്യാറാക്കുക
- ✓ റിവേഴ്സ് ക്വാറന്റയിന്നെ കുറിച്ച് അവരെയും അവരുടെ കുടുംബാങ്ങങ്ങളെയും ബോധ്യപ്പെടുത്തുക
- ✓ വേണ്ടുന്ന സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ
  - ➢ സന്നദ്ധപ്രവർത്തകർ
  - ➢ പ്രാഥമികാരോഗ്യ  കേന്ദ്രവുമായി ബന്ധം സ്ഥാപിക്കൽ
  - ➢ അവർക്കു ആവശ്യമുള്ള അടിസ്ഥാന സൗകര്യം ഒരുക്കൽ
  - ➢ അവർക്കു വേണ്ട സേവനങ്ങൾക്കുള്ള ഏകോപനം

# റിവേഴ്സ് ക്വാറന്റയിൻ : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

- ✓ അടിയന്തര സഹായ ഹെല്പ് ഡെസ്ക് രൂപപ്പെടുത്തുക
- ✓ റിവേഴ്സ് ക്വാറന്റയിൻ സെന്ററുകൾ തയ്യാറാക്കുക, റിവേഴ്സ് ക്വാറന്റയിനുള്ള സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക
- ✓ റിവേഴ്സ് ക്വാറന്റയിനെ കുറിച്ച് പൊതുസമൂഹത്തിനുള്ള ബോധവത്ക്കരണം നൽകുക
- ✓ എല്ലാ ദിവസവും ഫോളോ അപ്പ് ചെയ്യുക
- ✓ കൊറോണ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ എത്രയും വേഗം കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലേക്കു (CFLTC) മാറ്റുവാനുള്ള സൗകര്യം ഒരുക്കുക


# റിവേഴ്സ് ക്വാറന്റയിൻ

- **ഏകോപനം**
- **നടത്തിപ്പ്**
- **നിരീക്ഷണം**

ഈ പ്രവർത്തനങ്ങളുടെ ചുമതല ആരോഗ്യം, ക്ഷേമകാര്യ കമ്മിറ്റി സംയുക്തമായി ചെയ്യേണ്ടതാണ്

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ

**ഒരു പ്രദേശത്തെ ഒരാൾക്ക് രോഗബാധ/മരണം സംഭവിച്ചാൽ ആ പ്രദേശത്തെ പ്രതിരോധത്തിന്റെ ഭാഗമായി ഹൈ റിസ്ക് ഗ്രൂപ്പിനെ എങ്ങനെ പരിചരിക്കാം?**



# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ

- രോഗബാധ ഉണ്ടായ പ്രദേശത്തെ ഹൈ റിസ്ക് ഗ്രൂപ്പിൽപെട്ടവരെ മാറ്റി പാർപ്പിക്കുക
- രോഗ വ്യാപനമുണ്ടായാൽ മാറ്റി പാർപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട പരിരക്ഷ ഇവർക്കു നൽകാനാകും
- ഇങ്ങനെയുള്ളവർക്കു സഹായിയായി നിൽക്കുന്നവർക്കും തങ്ങാനുള്ള സൗകര്യവും ഇതോടൊപ്പമുണ്ടായിരിക്കണം. സഹായിയും റിവേഴ്സ് ക്വാറന്റയിന്റെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പിന്തുടരണം



# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ

വിവിധ സാമൂഹിക സാമ്പത്തിക വിഭാഗത്തിലുള്ളവർ ഹൈ റിസ്ക് ഗ്രൂപ്പിൽ ഉൾപെടാമെന്നുള്ളത് കൊണ്ട് തന്നെ ഈ വിഭാഗത്തിലുള്ള കൂടുതൽ അവശത അനുഭവിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനം വിവിധ സ്ഥാപനങ്ങളേയും സന്നദ്ധപ്രവർത്തകരേയും ഏകോപിപ്പിച്ച പ്രവർത്തിക്കേണ്ടതാണ്

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ

**വൾനറബിലിറ്റി മാപ്പിംഗ്**

- പ്രദേശത്തെ ഹൈ റിസ്കിൽപെടുന്നവരുടെ പട്ടിക തയ്യാറാക്കുക
- ഹൈ റിസ്കിൽപെട്ടവരുടെ നിലവിലുള്ള സ്ഥിതിവിവര കണക്കുകൾ ഇതിനായി പ്രയോജനപ്പെടുത്തുക
- വീടുകളിലേക്ക്  നേരിട്ട് വിളിച്ചും വിവരങ്ങൾ ശേഖരിക്കാം

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ

**മാറ്റി പാർപ്പിക്കൽ**

ഹൈ റിസ്ക് ഗ്രൂപ്പിന് പ്രത്യേകമായ ഒരിടം (ഉദാ : ശുചിമുറിയോടുകൂടിയ ഒരു മുറി ) ഒരുക്കാവുന്നതിനനുസരിച്ച്, മറ്റു വ്യക്തികളുമായി നിർദ്ദേശിക്കുന്ന ശാരീരിക അകലം പാലിക്കാവുന്ന രീതിയിൽ എന്നാൽ ഒറ്റപ്പെടൽ ഉണ്ടാകരുത്

- **സ്വന്തം വീട്ടിൽ**
- **അയൽ വീട്ടിൽ അല്ലെങ്കിൽ ബന്ധു വീട്ടിൽ**
- **കമ്മ്യൂണിറ്റി റിവേഴ്സ് ക്വാറന്റയിൻ സെന്റർ**

# റിവേഴ്സ് ക്വാറന്റയിൻ എങ്ങനെ നടപ്പിലാക്കാം?

- റിവേഴ്സ് ക്വാറന്റയിനിലുള്ളവരുടെ വീട്ടുകളിൽ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ വീടിനു പുറത്ത് എഴുതി ഒട്ടിക്കേണ്ടതാണ്.

- ഹൈ റിസ്ക് ഗ്രൂപ്പിനായി ഒരു ഹെല്പ് ഡെസ്ക് സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടായിരിക്കണം. മാത്രമല്ല ഹെല്പ് ഡെസ്ക് നൽകുന്ന സേവനങ്ങൾ റെജിസ്റ്ററിൽ എഴുതി വയ്ക്കുകയും ചെയ്യണം.

- ഇരുപത്തിനാല് മണിക്കൂറും അധികൃതരെ ബന്ധപ്പെടാൻ സാധിക്കുന്ന ഫോൺ നമ്പറുകൾ നൽകിയിരിക്കണം

- റിവേഴ്സ് ക്വാറന്റൈനിൽ കുട്ടികൾ ഉണ്ടെങ്കിൽ രക്ഷാകർത്താക്കളിൽ ഒരാളും കൂടി കുട്ടിയോടൊപ്പം റിവേഴ്സ് ക്വാറന്റൈനിൽ കുട്ടിയുടെ സംരക്ഷണത്തിനായി പോകണം , അവർക്കു വേണ്ടുന്ന എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടത്
 അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആണ്

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ :നൽകേണ്ട പ്രധാന സേവനങ്ങൾ

•അരിയും ഭക്ഷണ സാമഗ്രികളും, അത്യാവശ്യ സാമഗ്രികളും ഉണ്ടെന്ന് ഉറപ്പുവരുത്തുക , പാകം ചെയ്ത ഭക്ഷണം ആവശ്യമുള്ള ഇടങ്ങളിൽ എത്തിക്കുക

•ആവശ്യമായ മരുന്നുകൾ എത്തിക്കുക, ദീർഘകാല രോഗങ്ങൾക്കു (diabetes / ബിപി / ഹൃദ്രോഗം മുതലായവ) ഉള്ള മരുന്നുകൾ ഒരു മാസത്തേക്ക് അടുത്തുള്ള ഹെൽത്ത് സെന്ററിൽ നിന്ന് എത്തിച്ചുകൊടുക്കുക.

•ശാരീരിക അസ്വാസ്ഥ്യം അനുഭവപ്പെട്ടാൽ ഉടൻ ബന്ധപ്പെടാൻ ഒരു നമ്പർ കൊടുക്കുക

•കിടപ്പ്  രോഗികൾക്കു കത്തീറ്റർ / ryles ട്യൂബ് മുതലായവ എത്തിച്ചു കൊടുക്കാനും , ആവശ്യമെങ്കിൽ അവ മാറ്റി പുതിയത് ഇടാനുമുള്ള സൗകര്യം ഏർപ്പെടുത്തുക.

•ഗർഭിണികൾക്കു  സ്കാനുകൾ ചെയാനുള്ള സൗകര്യം ഏർപ്പെടുത്തുക.

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ : പൊതുവിൽ ശ്രദ്ധിക്കേണ്ടത്

- റിവേഴ്സ് ക്വാറന്റൈനിലെ വ്യക്തിക്ക് പ്രത്യേക ഗ്ലാസുകൾ, കഴിക്കുന്ന പാത്രങ്ങൾ, തുവാലകൾ, കിടക്കകൾ മുതലായവ നൽകുക. ഉപയോഗിച്ച പാത്രങ്ങൾ, കിടക്ക വിരികൾ തലയിണ ഉറ എന്നിവ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക.

- പതിവായി എല്ലാവരും  സ്പർശിക്കുന്ന എല്ലാ ഉപരിതലങ്ങളും 1% സോഡിയം ഹൈപ്പോക്ലോറൈറ്റ് ലായനി ഉപയോഗിച്ച് ദിവസത്തിൽ രണ്ടുതവണ അണുവിമുക്തമാക്കേണ്ടതാണ്. ഗാർഹിക ക്ലീനിംഗ് ഏജന്റും 1% സോഡിയം ഹൈപ്പോക്ലോറൈറ്റ്    ലായനിയും ഉപയോഗിച്ച് തറ എല്ലാ ദിവസവും വൃത്തിയാക്കുക.

- സാധനങ്ങൾ കൊടുക്കുകയോ വാങ്ങുകയോ ചെയ്യുതിനു  ശേഷം  കൈകൾ വൃത്തിയായി കഴുകി സൂക്ഷിക്കുക.

- ആവശ്യമുള്ളപ്പോൾ ഒരു തെർമോമീറ്റർ ഉപയോഗിച്ച് ശരീര താപനില നിരീക്ഷിക്കാൻ സാധിക്കണം.   പനി, ചുമ, ശ്വസിക്കാൻ ബുദ്ധിമുട്ട്, തൊണ്ടവേദന, ശരീരവേദന, പനി പോലുള്ള ലക്ഷണങ്ങൾ എന്നിവ ഉണ്ടായാൽ ഉടൻ തന്നെ പ്രദേശത്തെ HI / JPHN നെ അറിയിക്കുക.

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ: സ്വന്തം വീട്ടിൽ

- മതിയായ വായു സഞ്ചാരമുള്ള മുറി വൾനറബിൾ ആയ വ്യക്തിക്ക് ഒരുക്കി കൊടുക്കുക

- വൾനറിബിളായ വ്യക്തി പ്രത്യേക  ശുചിമുറി ഉപയോഗിക്കണം. ഇലാത്ത പക്ഷം ഓരോ തവണയും ശുചിമുറി ഉപയോഗ ശേഷം അണുവിമുഖതമാക്കി സൂക്ഷിക്കുക

- ഒരു സമയം കുറഞ്ഞത് 20 സെക്കൻഡ് നേരം സോപ്പും വെള്ളവും ഉപയോഗിച്ച് കൈ കഴുകുക അല്ലെങ്കിൽ ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ച് കൈ ശുചിത്വം പാലിക്കുക.

- കോവിഡ്  പൊതുനിർദ്ദേശങ്ങൾ  എല്ലാരും കർശനമായി പാലിക്കേണ്ടതാണ്

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ: അയൽ / ബന്ധു വീട്ടിൽ

- റിവേഴ്സ് ക്വാറന്റയിനെ കുറിച്ച് വീട്ടുകാരെ ബോധവത്കരിക്കുക

- ഹൈ റിസ്ക് വ്യക്തിയുടെ ആവശ്യങ്ങൾ എല്ലാം നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം സ്വന്തം വീട്ടുകാർക്ക് തന്നെയായിരിക്കും

- ഇരുപത്തിനാല് മണിക്കൂറും അധികൃതരെ ബന്ധപ്പെടാൻ സാധിക്കുന്ന ഫോൺ നമ്പറുകൾ ഉണ്ടായിരിക്കണം

- കോവിഡ്  പൊതുനിർദ്ദേശങ്ങൾ  എല്ലാരും കർശനമായി പാലിക്കേണ്ടതാണ്

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ: കമ്മ്യൂണിറ്റി റിവേഴ്സ് ക്വാറന്റയിൻ സെന്ററുകൾ

- റിവേഴ്സ് ക്വാറന്റയിനെ കുറിച്ച് അന്തേവാസികളെയും ജീവനക്കാരെയും ബോധവത്കരിക്കുക
- നല്ല വായുസഞ്ചാരവും സൂര്യപ്രകാശവും ഉള്ള ഒരു സ്വകാര്യ മുറിയിൽ ഹൈ റിസ്കിൽപ്പെട്ട വ്യക്തിയെ പാർപ്പിക്കുക
- സന്ദർശകരെ പരിമിതപ്പെടുത്തുക. ആരോഗ്യ പ്രവർത്തകരും ഈ മുറിയിലേക്കുള്ള പ്രവേശനം നിയന്ത്രിക്കണം.
- ആവശ്യമായ ഉപകരണങ്ങൾ മാത്രം മുറിയിലേക്ക് കൊണ്ടുവരിക.
- മുറിക്ക് പുറത്ത് ഒരു കൈ കഴുകൽ സ്റ്റേഷൻ സ്ഥാപിക്കുക. ആരോഗ്യ സംരക്ഷണ ദാതാക്കളടക്കം വ്യക്തിയെ പരിചരിക്കുന്നതിന് മുമ്പും ശേഷവും കൈ കഴുകണം.

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ: കമ്മ്യൂണിറ്റി റിവേഴ്സ് ക്വാറന്റയിൻ സെന്ററുകൾ

- രോഗികളെ മുറിയിൽ പ്രവേശിക്കാൻ അനുവദിക്കരുത്. സുഖം പ്രാപിക്കുന്നതുവരെ കാത്തിരിക്കാൻ അഭ്യർത്ഥിക്കുക.

- ഭക്ഷ്യവസ്തുക്കൾ പുറത്തു നിന്ന് കൊണ്ടുവരാൻ അനുവദിക്കരുത്. ശരിയായി വേവിച്ച ഭക്ഷ്യവസ്തുക്കൾ മാത്രം അനുവദിക്കുക.

- ആരോഗ്യകരമായ ഭക്ഷണം ലഭ്യമാക്കുക . ആവശ്യത്തിന് പഴങ്ങളും പച്ചക്കറികളും ഉൾപ്പെടുത്താൻ ശ്രമിക്കുക. ട്രാൻസ് ഫാറ്റ്, അധിക ഉപ്പ്, പഞ്ചസാര തുടങ്ങിയവ ഒഴിവാക്കുക.

- മുറിയിൽ നടക്കാൻ ശ്രമിക്കുക അല്ലെങ്കിൽ ശാരീരികമായി സജീവമായിരിക്കാൻ കുറച്ച് വ്യായാമം ചെയ്യുക. പുകയില ഉൽപന്നങ്ങളും മദ്യവും ഒഴിവാക്കുക.

# റിവേഴ്സ് ക്വാറന്റൈൻ പ്രക്രിയ: കമ്മ്യൂണിറ്റി റിവേഴ്സ് ക്വാറന്റൈൻ സെന്ററുകൾ

- കെട്ടിടത്തിലെ മുറികളും ബാത്ത്റൂമുകളും മറ്റ ഇടങ്ങളും ശരിയായി അണുവിമുക്തമാക്കി എന്ന് ഉറപ്പാക്കുക.

- ഓരോ കട്ടിലുകൾ തമ്മിൽ 1 m ദൂരം ഉണ്ടാവണം (ഉദാ: സഹായി കൂടെയുണ്ടെങ്കിൽ ).

- ഈ കെട്ടിടങ്ങളുടെ പ്രവർത്തനത്തിനായി ആവശ്യമായ ജീവനക്കാരെ നിയമിക്കുക

- പ്രോട്ടോക്കോൾ അനുസരിച്ച് മാലിന്യ സംസ്കരണം പാലിക്കണം.

- റിവേഴ്സ് ക്വാറന്റൈൻ സെന്ററിൽ താമസമാക്കിയ അന്തേവാസികൾക്ക് അവരുടെ സ്വന്തം കാര്യങ്ങൾ(ഉദാ: തുണി കഴുകുക, പാത്രം കഴുകുക എന്നിങ്ങനെ ) ചെയ്യുവാനുള്ള ക്രമീകരണം ഉണ്ടാക്കുക .

- അവിടെ താമസിക്കുന്നവർക്ക് വിനോദത്തിനും, മാനസിക പിരിമുറുക്കം കുറക്കുന്നതിനായും ടിവി /റേഡിയോ മുതലായവ റിവേഴ്സ് ക്വാറന്റൈൻ സെന്ററിൽ ഉണ്ടാകണം

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ: കമ്മ്യൂണിറ്റി റിവേഴ്സ് ക്വാറന്റയിൻ സെന്ററുകൾ

- മുറികൾ, അടുക്കളകൾ, ടോയ്‌ലറ്റുകൾ, കുളിമുറി എന്നിവ 99 ൽ 1 ഭാഗം എന്ന രീതിയിൽ ലയിപ്പിച്ച ഗാർഹിക ബ്ലീച്ചിങ് സൊല്യൂഷൻ ഉപയോഗിച്ചും, ലോഹ പ്രതലങ്ങൾ 70% ആൽക്കഹോൾ ഉള്ള സൊല്യൂഷൻ വെച്ചും അണുവിമുക്തമാക്കേണ്ടതുണ്ട് . അതിനാൽ ബ്ലീച്ചിങ് പൗഡറിന്റെയും, അല്ക്കോഹോൾ ഉള്ള ക്ലീനിങ് സൊല്യൂഷന്റെയും ആവശ്യമായ സ്റ്റോക്ക് കരുതിവെയ്ക്കണം

- റിവേഴ്സ് ക്വാറന്റൈൻ സെന്ററിൽ, ഭക്ഷണ സമയത്ത് ഒരുസമയത്തു അവിടെ താമസിക്കുന്നവരെ 10 അല്ലെങ്കിൽ അതിൽ കുറവോ ആളുകളുള്ള ഗ്രൂപ്പുകളായി വിഭജിക്കുകയും, ഓരോരുത്തരും 1 മീറ്റർ അകലം പാലിച്ചു ഇരിക്കുകയും ചെയ്യുവാനുള്ള സൗകര്യം ഉണ്ടായിരിക്കണം. അതിനാൽ ഊണുമുറിയിൽ അതിനാവശ്യമായ മേശയും കസേരയും സജീകരിക്കണം .

- അവിടെ താമസിക്കുന്നവരുടെയും, ജോലി ചെയ്യുന്നവരുടെയും, ആരോഗ്യപ്രവർത്തകരുടെയും താപനില എല്ലാദിവസവും നോക്കുകയും, പനി ഉള്ളതായി കാണുകയാണെങ്കിൽ അവരെ അവിടെ നിന്നും മാറ്റുന്നതിനായി പ്രത്യേകം ശ്രദ്ധിക്കുകയും വേണം. മാത്രമല്ല ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ ഉള്ളവർ ജോലിയിൽ നിന്ന് വിട്ടുനിൽക്കണം.

# റിവേഴ്സ് ക്വാറന്റയിൻ പ്രക്രിയ: കമ്മ്യൂണിറ്റി റിവേഴ്സ് ക്വാറന്റയിൻ സെന്ററുകൾ

- പിപിഇ-യും മാസ്കുകളും കയ്യുറകളും മതിയായ അളവിൽ ലഭ്യമാക്കണം. പനി അല്ലെങ്കിൽ ശ്വാസകോശ ലക്ഷണങ്ങളുള്ളവർ മാസ്ക് ധരിക്കാൻ നിർദ്ദേശിക്കുകയും ഉദ്യോഗസ്ഥർ ഉടൻ തന്നെ വൈദ്യോപദേശം തേടുകയും വേണം.
- സന്നദ്ധപ്രവർത്തകർ ആശാ വർക്കേർസ് അംഗൻവാടി തൊഴിലാളികൾ ഗതാഗത വകുപ്പിലെ ഉദ്യോഗസ്ഥകർ മറ്റ ആരോഗ്യപ്രവർത്തകരുടെ പേരും നമ്പറും അടങ്ങിയ ഒരു പട്ടിക മുൻകൂട്ടി തയ്യാറാക്കണം.

**തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രദേശത്തു കൊറോണ രോഗികളുടെ എണ്ണം കൂടുകയാണെങ്കിൽ ഹൈ റിസ്ക് ഗ്രൂപ്പിൽപ്പെട്ടവർക്ക് റിവേഴ്സ് ക്വാറന്റയിൻ പിന്തുടരുകയാണ് ഏറ്റവും ഉചിതം**



KILA Help Desk

0487-2455000
0487-2204097

helpdesk@kila.ac.in

KILA DIGITAL REPOSITORY

www.dspace.kila.ac.in


**KERALA INSTITUTE OF LOCAL ADMINISTRATION**

Website : www.kila.ac.in, Email : info@kila.ac.in